(1)	(2)	(3)
2014-15	200	200
2015-16 (നവംബർ 2015 വരെ)	250	110
ആകെ	775	635

(ഇ) ചികിത്സാ സഹായത്തിനുള്ള 35,277 അപേക്ഷകൾ നിലവിലുണ്ട്.

കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും എടുത്ത ലോൺ

142 (148) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും ലോൺ ഇനത്തിൽ എത്ര കോടി രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ 25 ലക്ഷമോ അതിന് മുകളിലോളുള്ള തുക വായ്പയായി അനുവദിക്കപ്പെട്ടവരുണ്ടോ; എങ്കിൽ അവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത കാലയളവിൽ വൺടൈം സെറ്റിൽമെന്റ് പ്രകാരം ലോണുകൾ അടച്ചു തീർത്തിട്ടുണ്ടോ ; ആരെല്ലാം എത്ര തുക വീതം അടച്ചിട്ടുണ്ട്; വിശദമാക്കാമോ ;

(ഡി) ലോൺ തുക തിരിച്ചടവിൽ വലിയതുക കുടിശ്ശിക വന്ന ഏതെങ്കിലും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ പ്രസ്തുത തുക ഇളവ് ചെയ്തു നൽകിക്കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം എത്ര തുക വീതമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും ലോൺ ഇനത്തിൽ 3270.07 കോടി രൂപ വിവിധ സംരംഭങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ 25 ലക്ഷം രൂപയ്ക്ക് മുകളിൽ അനുവദിച്ച വായ്പയുടെ വിശദവിവരം അനുബന്ധം I ആയി ഇതോടൊപ്പം വയ്ക്കുന്നു.* ഈ ഇനത്തിൽ 2960.41 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വൺടൈം സെറ്റിൽമെന്റ് പ്രകാരം അടച്ചുതീർത്ത വായ്പകളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം II ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വായ്പാ തിരിച്ചടവിൽ വലിയ തുക കുടിശ്ശിക വന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രസ്തുത തുക മൊത്തമായി ഇളവ് ചെയ്യുനൽകി വായ്പ തീർക്കാൻ ഉത്തരവ് നൽകിയിട്ടില്ല. കാലാകാലങ്ങളിൽ കോർപ്പറേഷനിൽ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായിട്ടാണ് ഇളവുകൾ നൽകുന്നത്. അങ്ങനെ ഇളവുകൾ നൽകിയ സ്ഥാപനങ്ങളും/വ്യക്തികളും വായ്പ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി/കോംപ്രൈമസ് സെറ്റിൽമെന്റ് മുഖേന അടച്ച തുകയുടെ വിശദവിവരങ്ങൾ അനുബന്ധം II-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

ബാർ കോഴ കേസിലെ നിയമോപദേശം

143 (149) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ കോഴ കേസ്സിൽ സുപ്രീം കോടതിയിൽ സ്വകാര്യ അഭിഭാഷകരിൽ നിന്നും നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം അഭിഭാഷകരിൽ നിന്നും ആണ് നിയമോപദേശം തേടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരം നിയമോപദേശം ആവശ്യപ്പെട്ടുകൊണ്ട് നിയമവകുപ്പിന്റെയോ, അഡ്വക്കേറ്റ് ജനറലിന്റെയോ ശുപാർശ ഉണ്ടായിട്ടുണ്ടോ ;

(സി) നിയമോപദേശം നൽകിയ സുപ്രീം കോടതിയിലെ സ്വകാര്യ അഭിഭാഷകർക്ക് പ്രതിഫലമായി എത്ര തുക നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്; ഈ തുക നൽകുന്നതു സംബന്ധിച്ച വിജിലൻസ് ശുപാർശയിന്മേൽ നിയമ വകുപ്പും ആഭ്യന്തര വകുപ്പും, ധനവകുപ്പും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സുപ്രീം കോടതിയിലെ താഴെപ്പറയുന്ന സ്വകാര്യ അഭിഭാഷകരിൽനിന്നും നിയമോപദേശം തേടിയിട്ടുണ്ട്.

1. ശ്രീ. മോഹൻ പരാശരൻ

സുപ്രീം കോടതിയിലെ സീനിയർ അഡ്വക്കേറ്റും ഇന്ത്യയുടെ മുൻ സോളിസിറ്റർ ജനറലും.

2. ശ്രീ. എൽ. നാഗേശ്വര റാവു

സുപ്രീം കോടതിയിലെ സീനിയർ അഡ്വക്കേറ്റും ഇന്ത്യയുടെ മുൻ അഡീഷണൽ സോളിസിറ്റർ ജനറലും.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly